**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 685** **24-06-2026-ൽ മറുപടിയ്ക്ക്**

## കുന്നത്തൂർ മണ്ഡലത്തിലെ തൊഴിലവസരങ്ങൾ

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** കുന്നത്തൂർ നിയോജക മണ്ഡലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

**മറുപടി:** കുന്നത്തൂർ നിയോജക മണ്ഡലത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 2026 ജൂൺ 17 വരെ **24,573** ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**(ബി)** യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി കഴിഞ്ഞ പത്തുവർഷത്തിനിടെ നടപ്പാക്കിയ പ്രത്യേക പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ, യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളാണ് മോഡൽ കരിയർ സെന്റർ, കേന്ദ്ര സർക്കാരിന്റെ മിഷൻ മോഡ് പ്രോജക്റ്റ് ഫോർ ഇന്റർ ലിങ്കിംഗ് ഓഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി.), കണക്ട് ടു വർക്ക്, സമന്വയ തുടങ്ങിയവ.

**(സി)** കുന്നത്തൂർ നിയോജക മണ്ഡലത്തിൽ തൊഴിൽ മേളകളും നൈപുണ്യ വികസനകേന്ദ്രങ്ങളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

**മറുപടി:** പരിശോധിക്കുന്നതാണ്

**സെക്ഷൻ ഓഫീസർ**